Answer.

(*a*) 1. 2202.
2. 892.

(*b*) Under the Sales Tax Act—4885.
Under the Agricultural Income Tax Act—1234.

(*c*) Under the Sales Tax Act—4316.
Under the Agricultural Income Tax Act—680.

പഞ്ചായത്തുകൾ.

357. [10] ശ്രീ. സി. സി. അയ്യപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു് പുതിയ പഞ്ചായത്തുകൾ സ്ഥാപിതമായതിനുശേഷം ഇതുവരെ എത്ര രൂപ നികുതിയായി പിരിച്ചെടുത്തിട്ടുണ്ടു്;

(ബി) എത്ര രൂപഗവണ്മെൻറിൽ നിന്നും കൊടുത്തിട്ടുണ്ടു്;

(സി) എല്ലാ പഞ്ചായത്തുകളിലുംകൂടി ആകെ എത്ര രൂപ ചെലവാക്കിയിട്ടുണ്ടു്;

(ഡി) അതിനു തലപ്പള്ളിതാലൂക്കിൽ എത്ര ?

ഉത്തരം.

(എ) ഇതുവരെ ലഭിച്ച കണക്കുകൾ അനുസരിച്ചു് 5,36,530 രൂപ 1 അണ 1 പൈസ നികുതിയായി പിരിച്ചിട്ടുണ്ടു്. എല്ലാ പഞ്ചായത്തുകളിൽ നിന്നും വിവരങ്ങൾ ലഭിച്ചിട്ടില്ല.

(ബി) ആകെ 9,09,215 രൂപ വിവിധ ഗ്രാൻറുകളിലായി പഞ്ചായത്തുകൾക്കു് നൽകിയിട്ടുണ്ടു്.

(സി) എല്ലാ പഞ്ചായത്തുകളിലും കൂടി ഗവണ്മെൻറു് 9,09,215 രൂപ ചെലവാക്കീട്ടുണ്ടു്. തൃശ്ശൂർ ഡിസ്ട്രിക്ടിലെ 133 പഞ്ചായത്തുകൾ 2/55 അവസാനം വരെ 1,14,828–9–4 ചെലവാക്കീട്ടുണ്ടു്. മറ്റു പഞ്ചായത്തുകൾ ചെലവാക്കിയ തുകകളെപ്പറ്റിയുള്ള വിശദ വിവരങ്ങൾ ശേഖരിച്ചു വരികയാണു്.

(ഡി) തലപ്പള്ളിതാലൂക്കിലെ പഞ്ചായത്തുകൾക്കു് ഗവണ്മെൻറു് ഗ്രാൻറിനത്തിൽ 26,954 രൂപ നൽകിയിട്ടുണ്ടു്. ഈ താലൂക്കിലെ പഞ്ചായത്തുകൾ രൂപ 5658–3–6, 2/55 അവസാനം വരെ ചെലവാക്കീട്ടുണ്ടു്.

പൊന്നംവില.

358. [11] ശ്രീ. ടി. പി. സീതാരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊലീസ്വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുകുന്ദപുരം താലൂക്കു് കല്ലൂർ വില്ലേജിൽ കേളീതോടിൻറെ ആവശ്യത്തിനു് എടുത്തിട്ടുള്ള ഭൂമിയുടെ കൈവശക്കാർക്കു് പൊന്നംവില കൊടുത്തിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ താമസത്തിനു കാരണമെന്തു് ?

LIBRARY ARCHIVES Kerala Legislative Assembly